പതിനാലാം കേരളനിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5749 | 28.03.2018-ൽ മറുപടിക്ക്

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കൽ

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | 2018-19 അധ്യയനം വർഷം മുതൽ കൂടുതൽ വിദ്യാലയങ്ങളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എത്ര സ്കൂളുകളിൽ പുതിയതായി ഈ പദ്ധതി ആരംഭിക്കുന്നുവെന്നും എത്ര ഹയർസെക്കന്ററി സ്കൂളുകളിലും ഹൈസ്കൂളുകളിലുമാണ് ആരംഭിക്കുന്നത് എന്നും വിശദീകരിക്കുമോ; | (എ) | 2018-19 അധ്യയന വർഷം മുതൽ കൂടുതൽ സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ പദ്ധതിക്കായി കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷം ഒൻപത് കോടി രൂപ അനുവദിച്ചു നൽകുകയുണ്ടായി (ഇതിൽ 8 കോടി രൂപ പദ്ധതി നിർവ്വഹണത്തിനും 1 കോടി രൂപ പദ്ധതിയുടെ ഡയറക്ടറേറ്റ് നിർമ്മാണത്തിനും). കൂടാതെ എസ്.പി.സി. പദ്ധതിക്കായി 1 കോടി രൂപ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പും വകയിരുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് രേഖയിൽ എസ്.പി.സി. പദ്ധതിക്ക് 11 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി നടത്തിപ്പിലെ മികവിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സ്കൂളുകൾക്ക് സമ്മാനം ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ